# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 27**

---

## എം.ജിയിൽ യോഗ കോഴ്സുകൾ;ഒക്ടോബർ 10വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെൻ്റർ ഫോർ യോഗ ആൻ്റ് നാച്ചുറോപ്പതി നടത്തുന്ന എം.എസ്.സി യോഗ ആൻ്റ് ജെറിയാട്രിക് കൗൺസലിംഗ്, പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ യോഗ, ഡിപ്ലോമ ഇൻ നാച്ചുറോപതി കോഴ്സുകളുടെ 2023-24 ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു.

എം.എസ്.സി യോഗ ആൻ്റ് ജെറിയാട്രിക് കൗൺസലിംഗ്, പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ യോഗ കോഴ്സുകൾക്ക് യു.ജി.സി അംഗീകരിച്ച ഏതെങ്കിലും ബിരുദവും ഡിപ്ലോമ ഇൻ നാച്ചുറോപതിക്ക് പ്ലസ് ടു അല്ലെങ്കിൽ പ്രീ ഡിഗ്രി വിജയവും ആണ് അപേക്ഷകർക്കു വേണ്ട യോഗ്യത.

അപേക്ഷാഫോറവും പ്രോസ്പെക്ടസും വെബ്സൈറ്റിൽ ലഭിക്കും (www.mgu.ac.in, www.https://cyn.mgu.ac.in/) .

പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും സഹിതം ഒക്ടോബർ 10 വരെ cyn.mgu@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കാം.ഫോൺ: 9447569925

(പി.ആർ.ഒ/39/1165/2023)

## മാറ്റി വച്ച പരീക്ഷ നാളെ

നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ്(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി - പുതിയ സ്കീം), (2015 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് - പഴയ സ്കീം) ബിരുദ പരീക്ഷയിലെ ഫുഡ് പ്രൊഡക്ഷൻ ഓപറേഷൻസ്-2 എന്ന പേപ്പറിൻറെ സെപ്റ്റംബർ 28 ന് നടത്താനിരുന്ന പരീക്ഷ നാളെ(സെപ്റ്റംബർ 29) ഉച്ചയ്ക്ക് രണ്ടു മുതൽ അഞ്ചു വരെ നടത്തും. വിശദ വിവരങ്ങൾ

വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1166/2023)

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ എം.ടെക്(2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് - സെപ്റ്റംബർ 2022) പരീക്ഷയുടെ മിനി പ്രോജക്ട് ഓർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ആൻറ് മാസ്റ്റേഴ്സ് തീസിസ് ഫേസ് 1 ഇവാല്യുവേഷൻ ഒക്ടോബർ 13ന് കോതമംഗലം, മാർ അത്തനേഷ്യസ് കോളജിൽ നടത്തും. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1167/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എ.ജെ.എം.സി(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - അഫിലിയേറ്റഡ് കോളജിലെ വിദ്യാർഥികൾക്കു വേണ്ടി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ ഒൻപതു മുതൽ അതത് കോളജുകളിൽ നടത്തും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1168/2023)

## പരീക്ഷാഫലം

ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി ബയോഇൻഫോമാറ്റിക ്സ്(പി.ജി.സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 12 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

..........................

സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഹിസ്റ്ററി ആൻറ് ആന്ത്രപ്പോളജി(2021 അഡ്മിഷൻ, ക്രെഡിറ്റ് ആൻറ് സെമസ്റ്റർ സിസ്റ്റം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1169/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**